# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.867 30.11.2018-ൽ മറുപടിയ്ക്ക്

### നവോത്ഥാന ആശയ പ്രചരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി: | **ശ്രീ. എ. കെ. ബാലൻ<br>പട്ടിക ജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി** |
| കേരള സമൂഹത്തെ പിറകോട്ട് നടത്താനുള്ള സംഘപരിവാർ ശക്തികളുടെ തെറ്റായ ആശയ പ്രചരണങ്ങൾക്കെതിരെ നവോത്ഥാന ആശയങ്ങൾ പ്രചരിപ്പിക്കുന്ന എന്തൊക്കെ പരിപാടികളാണ് സാംസ്കാരിക വകുപ്പ് സംഘടിപ്പിച്ച് വരുന്നതെന്ന് അറിയിക്കാമോ ? | കേരള സമൂഹത്തെ നവോത്ഥാന മൂല്യങ്ങളിൽ നിന്നും പുരോഗമന ആശയങ്ങളിൽ നിന്നും വ്യതിചലിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. പ്രതിലോമ ചിന്തകൾ വീണ്ടും തലപൊക്കുന്ന ദുഃഖകരമായ സാഹചര്യങ്ങൾ സമകാലീന കേരളം നേരിടുകയാണ്. മത വർഗ്ഗീയ ചിന്തകൾ പ്രചരിപ്പിക്കാനും സാംസ്കാരിക ബഹുസ്വരത തകർക്കാനുമുള്ള ശ്രമങ്ങൾ ശക്തിപ്പെട്ടു വരുന്നു. ഇത്തരം പ്രതിലോമ, വർഗ്ഗീയ ചിന്തകൾക്കെതിരെ തികഞ്ഞ ജാഗ്രത സമൂഹം ആവശ്യപ്പെടുന്നുണ്ട്. ഇതിന്റെ ഭാഗമായി നവോത്ഥാന പ്രതീകങ്ങളായ സാംസ്കാരിക നായകരുടെ അനുസ്മരണം, നവോത്ഥാന പ്രക്ഷോഭങ്ങളുടെ പുനർവായനയും സ്മരണ പുതുക്കലും, സാംസ്കാരിക പ്രശ്നങ്ങളെ കുറിച്ചുള്ള ജാഗ്രതപ്പെടുത്തലുകൾ എന്നിവയെല്ലാം സാംസ്കാരിക സ്ഥാപനങ്ങളിലൂടെ നടക്കുന്നുണ്ട്.<br><br>ശ്രീനാരായണ ഗുരുവിന്റെ ജാതിയില്ലാ വിളംബരം, അയ്യൻകാളിയുടെ വില്ലുവണ്ടി സമരം, സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനത്തിന്റെ വാർഷികം, ക്ഷേത്ര പ്രവേശന വിളബര വാർഷികം, ഗാന്ധിജിയുടെ രക്തസാക്ഷിത്വത്തിന്റെ അനുസ്മരണം എന്നിങ്ങനെ നിരവധി പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. സാംസ്കാരികമായ ഈ ജാഗ്രത തുടർന്നും നിലനിർത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.<br><br>നവോത്ഥാന ആശയങ്ങൾ ഉൾക്കൊള്ളിച്ചുള്ള ചിത്രപ്രദർശനം, ചിത്രകലാ ക്യാമ്പ്, ശില്പശാലകൾ എന്നിവ പരിപാടികളുടെ ഭാഗമായി സംഘടിപ്പിച്ചു വരുന്നു.<br><br>നവോത്ഥാന മുന്നേറ്റങ്ങൾക്ക് വെളിച്ചം പകർന്ന സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനത്തിന്റെ 125-ാം വാർഷിക വേളയിൽ, അയ്യാവൈകുണ്ഠസ്വാമികൾ, ചട്ടമ്പി സ്വാമികൾ, അയ്യൻകാളി, ശ്രീനാരായണ ഗുരു, ഡോ. പല്പു, മഹാകവി കുമാരനാശാൻ, സ്വാമി ആനന്ദതീർത്ഥർ തുടങ്ങിയ നവോത്ഥാന നായകരുടെ ചിന്തകളും വരികളും സംഗീതം, നൃത്തം, നാടകം, ചിത്രകല, നവ മാധ്യമ സാദ്ധ്യതകൾ, ചലച്ചിത്രം എന്നീ കലാവിഷ്കാരങ്ങളിലൂടെ സമന്വയിപ്പിച്ചെടുത്ത നവോത്ഥാന ദൃശ്യ സന്ധ്യ എന്ന പരിപാടി കേരളത്തിലെ വിവിധ ജില്ലകളിലും ഡൽഹിയിലും അവതരിപ്പിക്കുകയുണ്ടായി. |

ഭരണഘടനാദത്തമായ അവകാശങ്ങൾക്ക് വിധേയമായിട്ട് മാത്രമേ ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും നിലനിൽക്കാൻ സാധിക്കുകയുള്ളൂ. അതിനാൽ ഭരണഘടനാ സാക്ഷരത വ്യാപക മാക്കേണ്ടത് ആവശ്യമാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി 2018 നവംബർ 26 മുതൽ 2019 ജനുവരി 26 വരെ ഭരണഘടനാ സംരക്ഷണ യജ്ഞമായി വിവിധ വകുപ്പുകളുടേയും സ്ഥാപനങ്ങളുടെയും ആഭിമുഖ്യത്തിൽ ആചരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നവോത്ഥാന മൂല്യങ്ങളും ഭരണഘടനാ തത്വങ്ങളും ആലേഖനം ചെയ്തിട്ടുള്ള പ്രദർശന വാഹനങ്ങൾ എല്ലാ ഹൈസ്കൂളുകളും സന്ദർശിക്കുകയും വിദ്യാർത്ഥികൾക്കായി പ്രശ്നോത്തരി സംഘടിപ്പിക്കുകയും ചെയ്യും. വിക്ടേഴ്സ് ചാനൽ ഇതിന്റെ പ്രാധാന്യം പ്രസരിപ്പിക്കുന്ന തരത്തിലുള്ള വസ്തുതകൾ പ്രക്ഷേപണം ചെയ്യും. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടും പി.ആർ.ഡി.യും തയ്യാറാക്കുന്ന പുസ്തകം എല്ലാ വിദ്യാലയങ്ങളിലും വിതരണം ചെയ്യും. ഈ പുസ്തകങ്ങൾ വിദ്യാർത്ഥികൾ വഴി രക്ഷിതാക്കളിലും അങ്ങനെ പൗരസമൂഹത്തിലും പ്രചരിപ്പിക്കാനും മെച്ചപ്പെട്ട ഒരു നവോത്ഥാന ചിന്താധാര രൂപപ്പെടുത്തുവാനും കഴിയും.

Indhu

സെക്ഷൻ ഓഫീസർ